# അഴിമതി നിർമാർജനവും മൂല്യബോധവും

**സാമൂഹിക** ജീവിതത്തെ ബാധിക്കുന്ന കാൻസറാണ് അഴിമതി. തോതിൽ വ്യത്യാസമുണ്ടെങ്കിലും ലോകത്തെ എല്ലാ രാജ്യങ്ങളെയും ഈ രോഗം ബാധിച്ചിട്ടുണ്ട്. 'അഴിമതി ഒരു ആഗോള പ്രതിഭാസമാകുന്നു' എന്നത് ചില ഭരണകൂടങ്ങൾക്ക് അഴിമതിയെ അംഗീകരിക്കാനുള്ള ന്യായമായിത്തീർന്നിരിക്കുകയാണ്. സ്വതന്ത്ര ഭാരതത്തിന്റെ തുടക്കം മുതലേ ഭരണ നിർവഹണരംഗത്ത് അഴിമതി മുളപൊട്ടിയിരുന്നു. ഇന്നത് എക്സിക്യൂട്ടീവിലേക്കും ജുഡീഷ്യറിയിലേക്കും മാത്രമല്ല, സാമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും പടർന്നിരിക്കുന്നു. കേന്ദ്രമന്ത്രിസഭ പോലും അതിൽനിന്ന് മുക്തമല്ല. രാജ്യത്തിന്റെ പ്രതിരോധ ഇടപാടുകളിൽ വരെ അഴിമതി ആരോപണങ്ങൾ ആവർത്തിച്ചുയർന്നുകൊണ്ടിരിക്കുന്നു. പോലീസിനെ പേടിച്ച് ഒളിച്ചുനടക്കുന്ന മന്ത്രിമാരെയും മന്ത്രി മന്ദിരങ്ങളിൽനിന്ന് ജയിലറകളിലേക്ക് മാറിത്താമസിക്കുന്ന മന്ത്രിമാരെയുമൊക്കെ നാം കണ്ടുകഴിഞ്ഞു. ഹൈക്കോടതികളിൽനിന്ന് സുപ്രീംകോടതിയിലേക്ക് പ്രമോട്ട് ചെയ്യാൻ ശിപാർശ ചെയ്യപ്പെടുന്ന ന്യായാധിപന്മാർ വരെ അഴിമതിയുടെ പേരിൽ പാർലമെന്റിന്റെ ഇംപീച്ച്മെന്റ് ഭീഷണി നേരിടുകയാണ്. ഉന്നത ന്യായാസനങ്ങളിൽനിന്ന് വന്നുകൊണ്ടിരിക്കുന്ന പല വിധി പ്രസ്താവനകളിലും മതസ്പർധയും വർഗീയ വികാരവും ലങ്കി മറിയുന്നു. അഴിമതിയുടെ തേരോട്ടം സർക്കാർ തലം വിട്ട് ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമങ്ങളടക്കമുള്ള അനൗദ്യോഗിക സ്ഥാപനങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണ്. പത്രങ്ങളിൽ വാർത്ത വരാനും വരാതിരിക്കാനും കൈക്കൂലി!

ഐക്യരാഷ്ട്രസഭയുടെ അനുബന്ധ സ്ഥാപനമായ 'ട്രാൻസ്പാരൻസി ഇന്റർനാഷ്നലി'ന്റെ ഏറ്റവും പുതിയ റിപ്പോർട്ടനുസരിച്ച് അഴിമതി രാജ്യങ്ങളുടെ പട്ടികയിൽ 84-ാം സ്ഥാനത്താണ് ഇന്ത്യ. ജീവിതത്തിന്റെ വിവിധ മേഖലകളിൽ വിശാരദന്മാരായ പതിമൂന്ന് പ്രമുഖരടങ്ങിയ സംഘം 180 രാജ്യങ്ങളിൽ പഠനം നടത്തി തയാറാക്കിയതാണീ പട്ടിക. 2004-ൽ 'ട്രാൻസ്പാരൻസി ഇന്റർനാഷ്നൽ' പുറത്തിറക്കിയ റിപ്പോർട്ടിൽ ഇന്ത്യയുടെ സ്ഥാനം 90 ആയിരുന്നു. അന്നു പക്ഷേ 146 രാജ്യങ്ങളേ പഠനവിധേയമായിട്ടുള്ളൂ. പുതുതായി 34 രാജ്യങ്ങൾ കൂടി പരിശോധിക്കപ്പെട്ടപ്പോൾ ഇന്ത്യയുടെ സ്ഥാനം 90-ൽനിന്ന് 84-ലേക്ക് ഉയരുകയാണ് ചെയ്തത്. ഭരണ നിർവഹണം സുതാര്യമാക്കാനും സർക്കാർ ജീവനക്കാരിൽ ജാഗ്രതയും ഉത്തരവാദിത്വബോധവും വളർത്താനും ഉദ്ദേശിച്ചുകൊണ്ട് കേന്ദ്രം 2005-ൽ വിവരാവകാശനിയമം കൊണ്ടുവരികയും ദേശീയതലത്തിൽ നടപ്പിലാക്കുകയും ചെയ്തിരുന്നു. എന്നിട്ടും നമ്മുടെ അഴിമതിയുടെ ഗ്രാഫ് മേലോട്ട് തന്നെ പോകുന്നത് ഉത്കണ്ഠാജനകമാണ്. അഴിമതിയിലൂടെ സമാഹരിക്കപ്പെടുന്ന പണം സ്വിസ് ബാങ്കുകളിൽ സുരക്ഷിതമായി സൂക്ഷിക്കാൻ കഴിയുന്നുവെന്നത് വൻകിട അഴിമതിക്കാർക്ക് പ്രോത്സാഹനമാകുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. അത് നിയന്ത്രിക്കാൻ നിലവി

ലുള്ള ബാങ്കിംഗ് നിയമങ്ങളിൽ ഉചിതമായ പരിഷ്കരണം വരുത്തണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

അഴിമതിയിലും അവ്യവസ്ഥിതിയിലും പ്രഥമ സ്ഥാനങ്ങളിൽ വിരാജിക്കുന്നത് ഇറാഖും അഫ്ഗാനിസ്താനുമാണ്. സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും നീതിയുടെയും പേരു പറഞ്ഞ് സാമ്രാജ്യത്വശക്തികൾ നടത്തിയ നിഷ്ഠുരമായ അധിനിവേശത്തിനു ശേഷമാണ് ഈ രണ്ട് രാജ്യങ്ങളും അഴിമതിയുടെയും അരാജകത്വത്തിന്റെയും മുൻപന്തിയിലെത്തിയതെന്നത് ശ്രദ്ധേയമാണ്. നിയമങ്ങളും വ്യവസ്ഥകളും സുതാര്യമായി നടക്കുന്ന രാജ്യങ്ങളുടെ മുൻപന്തിയിലുള്ളത് സിങ്കപ്പൂരും ഡന്മാർക്കും ന്യൂസിലന്റുമാണ്. നമ്മേക്കാൾ മെച്ചമാണ് അയൽരാജ്യമായ ചൈനയുടെ അവസ്ഥ. എന്നാൽ അഴിമതിയിലും അതാര്യതയിലും നമ്മേക്കാൾ ഏറെ മുന്നിലാണ് നേപ്പാളും പാകിസ്താനും; യഥാക്രമം 43-ഉം 39-ഉം സ്ഥാനങ്ങളിൽ.

അഴിമതിയുടെ നീരാളിപ്പിടുത്തത്തിലമർന്ന രാജ്യങ്ങൾക്ക് സ്വയം വിലയിരുത്താൻ ഒരവസരമൊരുക്കിയിരിക്കുകയാണ് യു.എൻ റിപ്പോർട്ട്. ദാരിദ്ര്യവും അഴിമതിയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന റിപ്പോർട്ടിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. അവരവർക്കൊത്ത അഴിമതി നിർമാർജന മാർഗങ്ങൾ ഓരോ രാജ്യവും സ്വയം കണ്ടെത്തേണ്ടിയിരിക്കുന്നു. അഴിമതിയും കെടുകാര്യസ്ഥതയും വരുത്തിവെക്കുന്ന മഹാ നഷ്ടങ്ങളെക്കുറിച്ച് രാഷ്ട്രീയ നേതൃത്വം ഇടക്കിടെ നമ്മെ ഉണർത്താറുണ്ട്. ജനങ്ങൾക്ക് നീതി ലഭിക്കുന്നില്ല. സർക്കാറിന്റെ ക്ഷേമ പദ്ധതികളൊന്നും സമയത്തിനു പൂർത്തിയാകുന്നില്ല. വികസനം മുരടിക്കുന്നു. ജനക്ഷേമത്തിനായി ചെലവഴിക്കപ്പെടുന്ന സംഖ്യയുടെ ഇരുപത് ശതമാനം മാത്രമേ അതിന്റെ അവകാശികളിലെത്തുന്നുള്ളൂ... അഴിമതി നിർമാർജന നിയമങ്ങൾ നമുക്കേറെയുണ്ട്. കാലാകാലങ്ങളിൽ അവ പരിഷ്കരിക്കപ്പെട്ടുകൊണ്ടുമിരിക്കുന്നു. പക്ഷേ അഴിമതി വിരുദ്ധ നിയമങ്ങളുടെ നടത്തിപ്പിലും അഴിമതി തന്നെ മേൽക്കൈ നേടുന്നുവെന്നതാണവസ്ഥ.

അഴിമതി അമർച്ച ചെയ്യുന്നതിൽ സർക്കാറിന് ആത്മാർഥതയും നിശ്ചയദാർഢ്യവും ഉണ്ടോ എന്നതാണ് അടിസ്ഥാനപരമായ ചോദ്യം. ഉണ്ട് എന്നാണ് ഉത്തരമെങ്കിൽ തീർച്ചയായും അതിനുള്ള വഴികൾ തെളിഞ്ഞുവരും. സർക്കാറിന് ആത്മാർഥതയും നിശ്ചയദാർഢ്യവുമുണ്ടെങ്കിൽ നിയമങ്ങൾ നിർമിക്കുന്നതിൽ മാത്രമല്ല, കണിശമായി നടപ്പാക്കുന്നതിൽ കൂടി അതു കാണേണ്ടതുണ്ട്. നിയമങ്ങൾ എത്ര നല്ലതായാലും സുതാര്യമായി നടപ്പിലാവണമെങ്കിൽ സമൂഹത്തിന് ധാർമിക-നൈതിക മൂല്യങ്ങളോട് പ്രതിബദ്ധതയും കൂറുമുണ്ടാവണം. നിയമനിർമാണസഭകൾക്കോ കോടതികൾക്കോ അതുണ്ടാക്കാനാവില്ല. ദൈവഭക്തിയും മതാധ്യാപനങ്ങളുമാണതിന്റെ ഉറവിടം. നിർഭാഗ്യവശാൽ നമ്മുടെ പൊതുജീവിതത്തിൽ ഈ രണ്ട് ഉറവിടങ്ങളും അവഗണിക്കപ്പെട്ടിരിക്കുകയാണ്. നീതിനിഷ്ഠവും സുതാര്യവുമായ സമൂഹനിർമിതിയിൽ ഈ ഉറവിടങ്ങൾക്ക് അർഹിക്കുന്ന പരിഗണന ലഭിക്കേണ്ടതുണ്ട്. വ്യവസ്ഥിതി സോഷ്യലിസമായാലും മതേതരത്വമായാലും ജനാധിപത്യമായാലും ജനജീവിതത്തിന് നൈതികവും ധാർമികവുമായ പ്രചോദനം നൽകുന്ന മുഖ്യ ഘടകം ദൈവഭയവും മതാധ്യാപനങ്ങളുമാണ് എന്ന യാഥാർഥ്യം നിഷേധിച്ചിട്ടു കാര്യമില്ല. ■